(1) കർഷക സമിതികൾ രൂപീകരിച്ച് കർഷക പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

(2) പണി പൂർത്തിയായശേഷം പദ്ധതികളുടെ പ്രവർത്തനത്തിനും അറ്റകുറ്റപണികൾക്കുംവേണ്ടി കർഷകസമിതി ഉടമ്പടി വയ്ക്കേണ്ടതാണ്.

(3) രണ്ടാംവിളയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്.

(4) സാമൂഹ്യവും സാങ്കേതികവുമായ വിലയിരുത്തലുകളിൽ അനുയോജ്യമെന്ന് കാണുന്ന പദ്ധതികൾ മാത്രമേ തെരഞ്ഞെടുക്കാവൂ.

(5) മുതൽമുടക്കിനു അനുസരിച്ചുള്ള ആദായം ലഭിക്കുമെന്ന് ഉറപ്പാക്കണം.

(6) നിർമ്മാണപ്രവർത്തനങ്ങൾക്കുപുറമെ കൃഷിവികസനത്തിലും സംരക്ഷണ പണികൾ, ജലവിതരണ ക്രമം, കൃഷിരീതി മുതലായവയിലും കർഷകർക്ക് പരിശീലനം നൽകേണ്ടതും ആകുന്നു.

55 (3514) കാഡ ഏറ്റെടുത്തിട്ടുള്ള ജലസേചന പദ്ധതികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കമാന്റ് ഏരിയ വികസന അതോറിറ്റി സമഗ്ര വികസനത്തിനായി ഏറ്റെടുത്തിട്ടുള്ള ജലസേചന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി ഏതെല്ലാം പദ്ധതികളെയാണ് കമാന്റ് ഏരിയ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിൽനിന്നും കാഡയ്ക്കുവേണ്ടി 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര സംഖ്യവീതം സഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കാഡയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാഞ്ഞിരപ്പുഴ, പഴശ്ശി, എന്നീ പദ്ധതികൾ

(ബി മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളെ കൂടാതെ പുതിയ പദ്ധതികളൊന്നും കാഡയുടെ പ്രവർത്തന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1996-97	-	466.96 ലക്ഷം
1997-98	-	200 ലക്ഷം
1998-99	-	806.04 ലക്ഷം.

(ഡി) ഉണ്ട്. കാഡയുടെ ആദ്യഘട്ട പദ്ധതികളായ മലമ്പുഴ, വാളയാർ, ഗായത്രി, പോത്തുണ്ടി, മംഗലം, പീച്ചി, വാഴാനി, ചീരക്കുഴി, ചാലക്കുടി, നെയ്യാർ എന്നീ പത്തു പദ്ധതിപ്രദേശങ്ങളിലെ പ്രധാന കാർഷിക വിളകളായ നെല്ല്, നാളികേരം, അടയ്ക്ക, മരച്ചീനി, ഏത്തക്കായ് എന്നിവയുടെ ഉൽപ്പാദനത്തിൽ 1985-86 മുതൽ 1994-95 വരെ ഉണ്ടായിട്ടുള്ള വർദ്ധനവിനെ സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തൽ നടത്തിയിട്ടുണ്ട്. വാഴാനി പദ്ധതി പ്രദേശത്തൊഴികെ ആകെ ക്കൂടി അധിക ഉൽപ്പാദനം വഴി 447 കോടി രൂപയുടെ നേട്ടം ഉണ്ടായതായി കണക്കാക്കിയിരുന്നു. ഈ കാലഘട്ടത്തിൽ കാഡ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവാക്കിയ ആകെ തുകയുടെ ആറ് ഇരട്ടി തുകയ്ക്ക് തുല്യമായ അധികഉൽപ്പാദനമാണ് ഉണ്ടായിരിക്കുന്നത്.

56 (3515) ശുദ്ധജല വിതരണം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലവിതരണം ഇല്ലാത്ത എത്ര ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും ഉണ്ട്;

(ബി) ഇവിടങ്ങളിൽ ശുദ്ധജലാവശ്യം നിർവ്വഹിക്കുന്നത് എപ്രകാര മാണ്;

(സി) ശുദ്ധജലവിതരണം ഒരു പ്രശ്നമായിട്ടുള്ള എത്ര ഗ്രാമപഞ്ചായ ത്തുകളും നഗരസഭകളുമുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) 62 ഗ്രാമപഞ്ചായത്തുകളുണ്ട്. എല്ലാ നഗരസഭകളിലും ഭാഗിക മാണെങ്കിലും ജല അതോറിറ്റി ശുദ്ധജലവിതരണം നടത്തുന്നുണ്ട്.

(ബി) ഇവിടങ്ങളിൽ നിലവിലുള്ള പൊതു കിണറുകൾ, സ്വകാര്യ കിണ റുകൾ, കുഴൽക്കിണറുകൾ, മറ്റു സ്വാഭാവിക ജലസ്രോതസ്സുകളായ കുളങ്ങൾ, അരുവികൾ എന്നിവയിൽ നിന്നാണ് ആവശ്യങ്ങൾ നിർവ്വഹിച്ചുപോരുന്നത്.

(സി) 284 ഗ്രാമപഞ്ചായത്തുകളും 14 നഗരസഭകളും ഉണ്ട്.

57 (3518) ജല അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളും യോജിച്ചു നടപ്പിലാക്കേണ്ട പദ്ധതികൾ

ശ്രീ. മാത്തൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ചു നടപ്പിലാക്കേണ്ട പദ്ധതികൾക്കായി ഉന്നതതല സമിതി ഇടക്കാല റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നതനുസരിച്ച് എത്ര കോടി രൂപയാണ് ഈ വർഷം നീക്കിവയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം എത്ര കോടി രൂപ നീക്കിവച്ചി ട്ടുണ്ട്;

(സി) ജല അതോറിറ്റിയുടെ പരിഗണനയിലുള്ള പദ്ധതികളിൽ ഉടൻ നടപ്പിലാക്കുന്നവ ഏതെന്ന് കണ്ടെത്തി അടിയന്തിരമായി കമ്മീഷൻ ചെയ്യാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly